**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 52** **23-07-2021 - ൽ മറുപടിയ്ക്ക്**

**ചലച്ചിത്ര അക്കാദമിയുടെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ.കെ.ടി.ജലീൽ,<br>ശ്രീ എം മുകേഷ് ,<br>ശ്രീമതി ദെലീമ,<br>ശ്രീ. പി.പി. സുമോദ്** | | **Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന ചലച്ചിത്ര അക്കാദമി കഴിഞ്ഞ അഞ്ചുവർഷക്കാലം നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി നടത്തുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദമായ റിപ്പോർട്ടുകൾ സർക്കാരിൽ ലഭ്യമാക്കുന്നുണ്ട്. കൂടാതെ അക്കാദമിയുടെ പ്രവർത്തനങ്ങൾ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, അക്കൗണ്ടന്റ് ജനറൽ എന്നിവരുടെ ഓഡിറ്റിനും വിധേയമാക്കുന്നുണ്ട്. |
| (ബി) | കോവിഡ് മൂലം പ്രതിസന്ധിയിലായ കലാരംഗത്തെയും വരുമാനമില്ലാതായ കലാകാരന്മാരെയും സഹായിക്കുന്നതിനായി നടത്തുന്ന ശ്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) | കോവിഡ് മഹാമാരി മൂലം ഉപജീവന മാർഗ്ഗം നഷ്ടപ്പെട്ട് ജീവിതം വഴിമുട്ടിയവരും കുറഞ്ഞത് 10 വർഷക്കാലം തുടർച്ചയായി കലാരംഗത്ത് പ്രവർത്തിക്കുന്നവരും കേരളത്തിൽ സ്ഥിര താമസം ആക്കിയിട്ടുള്ളവരുമായ 32000 കലാകാരന്മാർക്കും അനുബന്ധ പ്രവർത്തകർക്കും പ്രതിമാസം 1000/- രൂപാ വീതം 2 മാസത്തേക്ക് അടിയന്തിര ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. ഇവരിൽ 2364 പേർ ചലച്ചിത്ര-ടെലിവിഷൻ രംഗത്തുള്ളവരാണ്. സാംസ്കാരിക വകുപ്പും അക്കാദമികളും മുഖേനയുള്ള സമാശ്വാസ ധനസഹായത്തിന് യഥാസമയം അപേക്ഷിക്കാൻ കഴിയാതെ പോയവരും അതുവരെ യാതൊരുവിധ ധനസഹായങ്ങൾ ലഭിച്ചിട്ടില്ലാത്തവരുമായ 29050 കലാകാരന്മാർക്കും അനുബന്ധ പ്രവർത്തകർക്കും കൂടി സമാശ്വാസ ധനസഹായമായി 1000/- രൂപ വീതം ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ കോവിഡ് ലോക് ഡൗൺ മൂലം സാമ്പത്തിക പ്രതിസന്ധി നേരിടുന്ന കലാസമൂഹത്തിന് സാമ്പത്തികമായും മാനസികമായും കൈത്താങ്ങാവുന്ന തരത്തിൽ 30 ദിവസം ദൈർഘ്യമുള്ള ഒരു നവമാധ്യമ കലാസംഗമം 'മഴമിഴി' എന്ന പേരിൽ നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കേരള സംസ്ഥാന സാംസ്കാരിക |

| | | | |
|---|---|---|---|
| | | | പ്രവർത്തക ക്ഷേമനിധി ബോർഡ് മുഖാന്തിരം ആദ്യഘട്ടത്തിൽ ധനസഹായത്തിന് അപേക്ഷ നൽകിയ അംഗങ്ങൾക്ക് 2000/- രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്. രണ്ടാം ഘട്ടമായി 1000/- രൂപ വീതം ധനസഹായം നൽകി വരുന്നു. |
| (സി) | മികവുറ്റ സാങ്കേതിക സംവിധാനങ്ങൾ സജ്ജമാക്കിയും വ്യവസായ പരിഗണന നൽകിയും സിനിമാരംഗത്ത് സമഗ്രമാറ്റങ്ങൾ കൊണ്ടുവരുന്നതിന് ആലോചിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ; | (സി) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ചിത്രാഞ്ജലി സ്റ്റുഡിയോ മികവുറ്റ സാങ്കേതിക സംവിധാനങ്ങൾ സജ്ജമാക്കി നവീകരിക്കുകയാണ്. ഈ പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ ഡിജിറ്റൽ യുഗത്തിലെ പ്രീ-പ്രൊഡക്ഷൻ, പ്രൊഡക്ഷൻ, പോസ്റ്റ് പ്രൊഡക്ഷൻ സൗകര്യങ്ങൾ ഉൾപ്പടെ എല്ലാ ആധുനിക സാങ്കതിക സൗകര്യങ്ങളും ഉൾപ്പെടുത്തി 67.16 കോടി രൂപ ചെലവിൽ നവീകരിക്കാനാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. വാതിൽപ്പുറ ചിത്രീകരണത്തിനുള്ള സെറ്റുകൾ, ആധുനിക ക്യാമറകൾ, ലൈറ്റുകൾ, പാൻതർ ഡോളി, ക്രെയിനുകൾ, ഡോൾബി അറ്റ്മോസ് മിക്സ് തീയേറ്റർ, സിങ്ക് സൗണ്ട് എക്യുപ്മെന്റ്സ്, ഫോളി സ്യൂട്ട്, ഡബ്ബിംഗ് സ്യൂട്ടുകൾ, ഒ.റ്റി.റ്റി പ്ലാറ്റ്ഫോമുകൾക്ക് അനുയോജ്യമായ മീഡിയാ പോസ്റ്റ് പ്രൊഡക്ഷൻ സംവിധാനം, എഡിറ്റ് സ്യൂട്ടുകൾ, ബേസ് ലൈറ്റ് ക്ലാസ്സിക്ക് പാനൽ, ഡാവിഞ്ചി കളർ ഗ്രേഡിംഗ് സ്യൂട്ടുകൾ, പ്രോപ്പർട്ടി സ്റ്റോർ, ഇലക്ട്രോണിക്സ് വർക്ക് ഷോപ്പ് ബിൽഡിംഗ്, ഫിലിം ആർക്കൈവ്സ്, ലൈബ്രറീസ്, ഓഡിയോ & വീഡിയോ ലൈബ്രറി, ചലച്ചിത്ര വിതരണത്തിനുള്ള ഒ.റ്റി.റ്റി പ്ലാറ്റ് ഫോം സംവിധാനം തുടങ്ങി ലോകോത്തര നിലവാരത്തിലുള്ള ചലച്ചിത്ര നിർമ്മാണത്തിനുള്ള എല്ലാ സൗകര്യങ്ങളും സജ്ജമാക്കുവാനാണ് ഉദ്ദേശിക്കുന്നത്. തീയേറ്ററുകൾ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി കോഴിക്കോട് കൈരളി/ശ്രീ തീയേറ്റർ അതിനൂതന സംവിധാനങ്ങൾ ഉൾപ്പെടുത്തി നവീകരിച്ചിട്ടുണ്ട്. മറ്റ് തീയേറ്ററുകൾ ആധുനികവൽക്കരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തീയേറ്റർ നിർമ്മാണത്തിന് അനുയോജ്യമായ സ്ഥലം ലഭ്യമാക്കുന്ന സ്ഥലങ്ങളിൽ ആധുനിക സൗകര്യങ്ങളോടു കൂടിയ തീയേറ്ററുകൾ നിർമ്മിക്കുന്ന പദ്ധതിയും ആരംഭിച്ചിട്ടുണ്ട്. |
| (ഡി) | അന്താരാഷ്ട്ര ചലച്ചിത്രമേളകൾ കൂടുതൽ ജനകീയമാക്കിക്കൊണ്ട് ഉന്നതമായ ചലച്ചിത്ര സംസ്കാരത്തിന് വഴിയൊരുക്കുന്ന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിലും അന്താരാഷ്ട്ര ചലച്ചിത്ര മേള മുടക്കമില്ലാതെ നടത്തുവാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ അന്താരാഷ്ട്ര ചലച്ചിത്ര മേള കൂടുതൽ ജനകീയമാക്കുന്നത് ലക്ഷ്യമിട്ട് കൊച്ചി, തലശ്ശേരി, പാലക്കാട് എന്നീ സ്ഥലങ്ങളിലും 25ാമത് ചലച്ചിത്ര മേള നടത്തുകയുണ്ടായി. അന്താരാഷ്ട്ര ചലച്ചിത്ര മേള കൂടുതൽ |

| | | | |
|---|---|---|---|
| | | | ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനു വേണ്ട പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ